മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— വില്ലേജുകളിലൊക്കെ വില്ലൻമെമ്പർമാർ എന്നു പറയുന്നവർ വിജലൻസ്സ് മെമ്പറന്മാരായിരിക്കുമോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— അക്ഷരവ്യക്തിയില്ലാത്തവർ അങ്ങിനെ പറയുന്നുണ്ടോ എന്ന് എനിക്കറിവില്ല.

License—Bus Conductors—Particulars regarding.

വൃ. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറു ഭയവായി മറുപടി പറയുമോ:—

(ക) ബസ്സ് കണ്ടക്ടർമാർക്കു ലൈസൻസുണ്ടായിരിക്കണമെന്നു നിർബന്ധമുണ്ടോ;

(ഖ) ഉണ്ടെങ്കിൽ എന്നുമുതൽക്കാണ് ആ നിർബന്ധം നടപ്പിൽ വരുത്തീട്ടുള്ളത്;

(ഗ) ഈ ലൈസൻസിന് എത്ര ഉറുപ്പികയാണ് ഓരോരുത്തർ ഗവമ്മെണ്ടിലേക്കു അടക്കേണ്ടത്;

(ഘ) ഈ ലൈസൻസുകൾ പുതുക്കുന്നതിനു പ്രതിവർഷം എത്ര സംഖ്യവീതം അടക്കേണ്ടതുണ്ട്;

(ങ) ഈ വ്യവസ്ഥ നമ്മുടെ അടുത്ത നാടുകളിൽ എവിടെയെങ്കിലും ഉണ്ടോ; ഇല്ലെങ്കിൽ

(ച) മറെറാരു സ്ഥലത്തും നടപ്പില്ലാത്ത ഈ വ്യവസ്ഥ ഇവിടെ ഏർപ്പെടുത്തുന്നതിനു പ്രേരകങ്ങളായ സംഗതികളെന്തെല്ലാം;

(ഛ) ഇതുമൂലം ബസ്സ് സർവ്വീസുകാർക്ക് ക്ലേശതൽ അസൌകര്യങ്ങളൊ ബുദ്ധിമുട്ടുകളൊ നേരിട്ടിട്ടുള്ളതായിട്ടറിയാമോ;

(ജ) ഈ വ്യവസ്ഥമൂലം ഇതുവരെ ഗവമ്മെണ്ടിലേക്കു എത്ര സംഖ്യ പതിവിൽ ക്ലേശതൽ ആദായമുണ്ടായിട്ടുണ്ട്?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).—

(ക) ഉണ്ട്.

(ഖ) [illegible] മിഥുനം [illegible]-ാംനു- മുതൽ.

(ഗ) രണ്ടുറുപ്പിക.

(ഘ) ഒരുറുപ്പിക.

(ങ) ഈ വ്യവസ്ഥ മദ്രാസ് സംസ്ഥാനത്തിൽ നടപ്പിൽവരുത്തുവാൻ ആലോചിക്കുന്നുണ്ട്. കൊളമ്പിൽ നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്.

(ച) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഒ) ഇല്ല.

(വ) നൂഫർ ക. വ ണ. ഠ ഐ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ ലൈസൻസു സിസ്റ്റം ഏർപ്പെടുത്തുന്നതിനുമുമ്പു കൺഡക്ടർമാക്കു ഏർപ്പാടെന്തായിരുന്നു?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ചോദ്യം മനസ്സിലായില്ല.

മിസ്റ്റർ കെ. എസ്. പണിക്കർ (*Ezhuvas North*).— ലൈസൻസുസിസ്റ്റം ഏർപ്പെടുത്തുന്നതിനുമുമ്പു കൺഡ്റാക്റ്റർമാക്കു പാസൊ മറ്റോ ഗവമ്മെണ്ടു കൊടുത്തിട്ടുണ്ടായിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ലൈസൻസു കൊടുക്കുന്നതിനുമുമ്പു ലൈസൻസുണ്ടായിരുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— അവക്കു വല്ല സർട്ടിഫിക്കറും കൊടുത്തിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— കൺഡക്റ്ററാണെന്നു തിരിച്ചറിയത്തക്കവിധത്തിൽ ഗവമ്മെണ്ടു അവക്കു വല്ലതും കൊടുത്തിട്ടുണ്ടായിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ബാഡ്ജ് കൊടുക്കുന്ന ഏർപ്പാടു അന്നുമുണ്ടു, ഇന്നുമുണ്ടു.

മിസ്റ്റർ കെ. എസ്. പണിക്കർ (*Ezhuvas North*).— കൺഡ്റാക്റ്ററാണെന്നു തിരിച്ചറിയുവാൻ ഉള്ള വല്ല ലക്ഷ്യങ്ങളും അവക്കു കൊടുക്കുവാൻ ഗവമ്മെണ്ടു നിശ്ചയിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ബാഡ്ജു കൊടുക്കുന്നുണ്ടു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— ഫ ഫ ഫ ഫ മിഥുനത്തിനുമുമ്പു ഇവക്കു ലൈസൻസുണ്ടായിരുന്നുവോ? അന്നു പണം വാങ്ങാതെ ലൈസൻസു കൊടുത്തുവന്നിരുന്നില്ലേ? എന്നുമുതൽക്കാണു ഫീസു പിരിച്ചു തുടങ്ങിയതു?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).—അന്നു അങ്ങിനെ ഇല്ല.

മിസ്റ്റർ കെ. എസ്. പണിക്കർ (*Ezhuvas North*).— അന്നു കൺഡ്റാക്റ്റർമാക്കു പാസു കൊടുത്തിരുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ചോദ്യം മനസ്സിലാകുന്നില്ല, ആരു കൊടുക്കുന്നു പാസ്സ്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പോലീസ് ഡിപ്പാർട്ടുമെണ്ടിൽനിന്നു കൺഡ്രാക്ടർമാർക്കു പാസു കൊടുത്തിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— പോലീസ് ഡിപ്പാർട്ടുമെണ്ടിൽനിന്നു കൊടുക്കുന്നതാണു ലൈസൻസ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— അതു ഫ്രീ-നശേഷമല്ലേ? അതിനു മുമ്പു എന്തായിരുന്നു?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police.*)— മുമ്പ് ബസ്സിന്റെ ഉടമസ്ഥന്മാർ ഒരാളെ നിറുത്തി എഴുതിയയക്കുന്നതനുസരിച്ചു ആ ആൾക്കു പാസുബുക്കു കൊടുത്തുവന്നിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— അതിലേക്കു അവർ ഗവൺമെണ്ടിലേക്കു വല്ല സംഖ്യയും അടച്ചുവന്നിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police.*)— ബോധിപ്പിക്കുന്ന അപേക്ഷയിൽ സ്റ്റാമ്പു പതിക്കണമെന്നുണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— വൗണസ്റ്റാമ്പോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police.*)— അല്ല, കമ്മീഷണർ നിശ്ചയിക്കുന്ന സ്റ്റാമ്പ്.

മിസ്റ്റർ ടി. എ. രാമച്ചന്ദ്രയ്യർ (*Nellayi*).— വൗണ സ്റ്റാമ്പു വേണമെന്നു നിശ്ചയിക്കുവാനുണ്ടായ കാരണമെന്താണ്?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— കൺഡ്രാക്ടർമാരാകുവാൻ ആവശ്യപ്പെടുന്നവർക്കു വേണ്ട ഫാറങ്ങൾ അച്ചടിക്കുവാനും മറ്റും ചിലവുണ്ടാകുന്നുണ്ട്,

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— കൊളമ്പിൽ നടപ്പാക്കിക്കഴിഞ്ഞുവെന്നു പറഞ്ഞിട്ടുണ്ട്. അതു തിരുവിതാംകൂറിലും മൈസൂറിലും നടപ്പാക്കീട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— മദിരാശിയിൽ നടപ്പിലാക്കാൻ ആലോചനയുണ്ട്. കൊളമ്പിൽ ഇപ്പോൾ നടപ്പാക്കീട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— കൊളമ്പിൽ നടപ്പാക്കീട്ടുള്ളതു ഇവിടെ റദ്ദാക്കിയ നിയമംതന്നെയല്ലേ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഇവിടെ ഫീസു കുറച്ചു കൂടുമെന്നു തോന്നുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇവിടെ സ്റ്റഫ് ഉറപ്പിക. വ അണ ഗവമ്മെണ്ടിനു കിട്ടീട്ടള്ളതായി പറയുന്നു, ഇതു ഗവമ്മെണ്ടിനു ആദായമുണ്ടാക്കണമെന്നു ഉദ്ദേശത്തിൽ പിരിച്ചിട്ടള്ളതോ അതോ വേറെ വല്ല ഉദ്ദേശമോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഉദ്ദേശമെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഡ്രൈവർമാക്കും ലൈസൻസ് വേണമെന്നുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അതിനു ഈ ചോദ്യത്തെ സംബന്ധിച്ചിടത്തോളം എങ്ങിനെയാണു മറുപടി പറയുന്നതു?

മിസ്റ്റർ എ. ഈച്ചരമേനോൻ *(Chittur Rural)*.— രണ്ടുറപ്പിക, ഒരുറപ്പിക എന്നൊക്കെ കാണാനുണ്ട്. പിന്നെ എവിടെ നിന്നാണ് ഈ എട്ടണ വന്നതു?

.വ്യ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറു ദയം മറുപടി പറയുമോ.—

(ക) ഈ കൊല്ലത്തിൽ ഇതുവരെ ആത്മഹത്യയായിരിക്കാമെന്നു സംശയിക്കത്തക്ക എത്ര അപകടമരണങ്ങൾ ഉണ്ടായിട്ടുണ്ടു;

(ഖ) അതു ഏതേതു താലൂക്കുകളിലാണു ഉണ്ടായിട്ടള്ളതു;

(ഗ) അതിൽ ഏതെല്ലാം കേസുകളിലാണു പോലീസ് കമ്മീഷണർ അവർകൾ നേരിട്ടു അന്വേഷിച്ചിട്ടള്ളതു;

(ഘ) അതിൽ ഏതെങ്കിലും ആത്മഹത്യയല്ലെന്നു തെളിഞ്ഞിട്ടുണ്ടോ;

(ങ) ഉണ്ടെങ്കിൽ ഏതെല്ലാം?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—

(ക) ഈ കൊല്ലത്തിൽ ഇതുവരെ ൨൪ ആത്മഹത്യകേസുകൾ അറിവായിട്ടുണ്ടു. വേറെ രണ്ടു കേസുകളിൽ മരണകാരണം മുഴുവൻ വെളിപ്പെട്ടിട്ടില്ല. ആത്മഹത്യ ആയിരിക്കാമെന്നു സംശയിക്കുന്നുണ്ടു. അന്വേഷണം തുടർന്നുവരികയാണു.

(ഖ)

കൊച്ചി കണയന്നൂർ	൪
കൊടുങ്ങല്ലൂർ	ക
മുകുന്ദപുരം	വ
ഒറ്റപ്പാലം	ന
തലപ്പിള്ളി	ന്യ
ചിറ്റൂർ	൨
ആകെ	൨൪

LIBRARY ARCHIVES Kerala Legislative Assembly

(ന) ഇവയിൽ വടക്കാഞ്ചേരി സ്റ്റേഷൻ ഫ്രന്റ-ൽ ഹ-ാംനമ്പ്ര കേസ് (ഒരു ഈഴവയുവാവു് കെട്ടിത്തുങ്ങി ആത്മഹത്യചെയ്ത എന്നാ കേസ്) പൊല്ലീസ് കമ്മീഷണർ നേരിട്ട അനേഷിച്ചിട്ടുണ്ടു്.

(ര) ഇല്ല.

(ഒ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— മൂന്ന നാലു കൊല്ലത്തെ കണക്കെടുത്തു താരതമ്യപ്പെടുത്തി നോക്കിയാൽ ആത്മഹത്യ ക്രടി വരുന്നുവോ കുറഞ്ഞുവരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— അങ്ങിനെ ഒരു വലിയ വ്യത്യാസമുള്ളതായിട്ട തോന്നുന്നില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— ഇതിൽ ഒന്നു ഇരിഞ്ഞാലക്കുടയിൽ സംഭവിച്ചതല്ലേ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).—: ഇരിഞ്ഞാലക്കുട ടൌണിൽ സംഭവിച്ചതായിട്ടോ?

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— അതു ഒരു പ്രമാദമായ കേസായതുകൊണ്ടു് എല്ലാവക്കും അറിയാമെന്നാണു ഞാൻ വിചാരിക്കുന്നതു്. ഒരു ഭേദപ്പെട്ട തറവാട്ടിലെ ഒരു മാന്യൻ അദ്ദേഹത്തിന്റെ കുടിയിരിപ്പു നശിച്ചതുകൊണ്ടുള്ള നിരാശയാൽ കെട്ടിത്തൂങ്ങി മരിച്ചതായിട്ടാണു ഞാൻ പത്രത്തിൽ വായിച്ചതു്. അങ്ങിനെ അവിടെ ഉണ്ടായ ആത്മഹത്യയും ഇതിൽ ഉൾപ്പെട്ടുന്നില്ലേ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഉവ്വ്.

മിസ്റ്റർ കെ. എസ്. പണിക്കർ (*Ezhuvas North*).— ആത്മഹത്യയാണെന്നു തീർച്ചയാക്കുന്നതു മെഡിക്കൽ പോസ്റ്റ് മാർട്ടംകൊണ്ടോ പോലീസ് ഇൻവെസ്റ്റിഗേഷൻ കൊണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— രണ്ടും ക്രടി നോക്കിയാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— ഇരിഞ്ഞാലക്കുടയിലുണ്ടായതു, കർഷകന്മാരുടെ സാമ്പത്തികമായ നിരാശകൊണ്ടാണെന്നുള്ളതിനാൽ കുറച്ചെന്തെങ്കിലും അങ്ങിനെയുള്ളവർക്കു ജീവിതത്തിനുള്ള വഴിയുണ്ടാക്കുന്നതായ ഒരു നിയമം നടപ്പിൽ വരുത്തേണ്ടകാര്യം പ്രത്യേകിച്ചു ശ്രദ്ധിക്കുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ദയവുണ്ടാകുമോ? ഇതു ഞാൻ വെറുതെ ചോദിക്കുന്നതല്ല, ഈ നിയമം ഇപ്പോൾ പഞ്ചാബിലും യൂറോപ്പിലും മറും നടപ്പിലിരിക്കുന്നുണ്ടു്. അതുകൊണ്ടു നമ്മുടെ നാട്ടിലെ കർഷകന്മാർ തെണ്ടിത്തിരിഞ്ഞു നടക്കാതിരിക്കുവാൻ വേണ്ടിയുള്ള ഒരു നിയമം മറു പരിഷ്കൃത ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെണ്ടുകഠം സ്വീകരിച്ചിട്ടള്ളതുപോലെ ഇവിടെയും സ്വീകരിക്കുവാൻ ഗവമ്മെണ്ടിനു മയവുണ്ടാകുമോ?

മിസ്റ്റർ കെ. എസ്. മാണിക്കം (*Irinjalakkuda*).— ഇപ്പോഠം നിയമമുണ്ട്.

മിസ്റ്റർ കെ. എസ്. പണിക്കർ (*Ezhuvas North*).— നെല്ലായിയിൽ ഒരു പുലയസ്ത്രീയെ ഉദ്ദേശം പത്തുപന്ത്രണ്ടാളുകഠം ക്രൂടി അന്യായമായ വിധത്തിൽ കൊലപ്പെടുത്തി അടുത്തുള്ള ഒരു കുളത്തിൽ കൊണ്ടുപോയി ഇട്ടതായി ഗോമതി പത്രത്തിൽ കണ്ടത് ഈ ലിസ്റ്റിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെയുള്ള ഒരു മരണമായിരിക്കയില്ല അത്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പത്രത്തിൽ ഉണ്ടായിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police.*).— ഓമ്മയില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— അങ്ങിനെ ഗോമതി പത്രത്തിൽ കണ്ട റിപ്പോർട്ട പോലീസ് കമ്മീഷണരവർകഠം വായിക്കുകയോ അതിനെപ്പറ്റി അന്വേഷിക്കുകയോ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— നോട്ടീസ് വേണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— ഗോമതി പത്രത്തിൽ കണ്ട ആ ഭാഗം പബ്ളിസിറ്റി ആഫീസർ പോലീസ് കമ്മീഷണരവർകഠംക്കു കട്ടചെയ്തു അയച്ചുതന്നിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— സാധാരണയായി ഗോമതി പത്രം ഞാൻ വായിക്കാറുണ്ട്. അതിൽ ഇങ്ങിനെ ഒരു റിപ്പോർട്ട വായിച്ചതായിട്ട് എനിക്കു ഓമ്മയില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— സാധാരണയായിട്ട ഇങ്ങിനെയുള്ള മരണങ്ങഠം ഉണ്ടാകുമ്പോഠം ശവശരീരം ഡാക്ടർമാരെക്കൊണ്ടു പരിശോധിപ്പിക്കാറുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— മരണത്തിനുള്ള കാരണം ഇന്നതാണെന്നു വെളിപ്പെട്ടില്ലെങ്കിൽ അത് പരിശോധനക്കു അയക്കാറു പതിവുണ്ട്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കേസുകളെല്ലാം ശവശരീരങ്ങഠം പരിശോധിച്ചിട്ടുള്ളതാണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— എല്ലാം പരിശോധിച്ചിട്ടില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— തുങ്ങിചത്ത എന്നു വെളിപ്പെടുന്ന ശവങ്ങൾ തുങ്ങിനിൽക്കുന്നുവെങ്കിൽ അതിനെ പോസ്റ്റുമാർട്ടം ചെയ്യിക്കാറുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police.)*— സാധാരണയായിട്ട അയക്കാറില്ല. വേണമെന്നു തോന്നിയാൽ മാത്രമേ അയക്കുകയുള്ളൂ.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— പോസ്റ്റുമാർട്ടത്തിനയക്കണമെന്നു സർക്കിൾ ഉണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അയക്കണമെന്നാണു നിശ്ചയം.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ഇതിൽ പറഞ്ഞിട്ടുള്ള കേസുകളെല്ലാം പോസ്റ്റുമാർട്ടത്തിനയച്ചിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അയച്ചിരിക്കണം, അയക്കാതിരിക്കാൻ തരമില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ഇതിൽ പറയുന്ന തൃശ്ശൂരിലെ മരണത്തിനു പോസ്റ്റുമാർട്ടത്തിനയച്ചിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അതിനുള്ള ഉത്തരം നേരത്തെ പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. എസ്. പണിക്കർ *(Ezhuvas North)*.— മെഡിക്കൽ സർട്ടിഫിക്കറിനെ മാത്രം നോക്കാതെ പോലീസ് ഇൻവെസ്റ്റിഗേഷനും ശരിക്കു നടത്തുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— മുമ്പും ഇപ്പോഴും അങ്ങിനെതന്നെയാണു പതിവ്.

മിസ്റ്റർ കെ. എസ്. പണിക്കർ *(Ezhuvas North)*.— മെഡിക്കൽ സർട്ടിഫിക്കറിൽ കാണുന്നതുപോലെയല്ലാതെ പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നും ശരിയായ അന്വേഷണം പ്രത്യേകിച്ചു നടത്താറുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഇപ്പോഴും അങ്ങിനെ ചെയ്യാറുണ്ട്.

In-patients and out-patients—Cranganur Hospital—Expenditure regarding.

84. Mr. K. M. Kunhi Moideen *(Kattur)*.—Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly